# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 421 6.3.2012-ൽ മറുപടിക്ക്.

## റെയിൽവേ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായുള്ള എം.പി. മാരുടെ മീറ്റിംഗിലും, കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി സംസ്ഥാനം സന്ദർശിച്ചപ്പോഴും, സംസ്ഥാന ഗവൺമെന്റ് നേരിട്ട് നിവേദനം നൽകിയതിലൂടെയും, സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായുള്ള എത്ര പദ്ധതികളാണ് കേന്ദ്രത്തിനുമുന്നിൽ സമർപ്പിച്ചതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19.9. 2011 ന് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി സംസ്ഥാനം സന്ദർശിച്ചപ്പോഴും, 2012- 2013 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 24.1.2012 - ൽ നടന്ന എം.പി. മാരുമായുള്ള യോഗ ത്തിലും, 2012 ഫെബ്രുവരി മാസം സംസ്ഥാന ഗവൺമെന്റ് നേരിട്ട് നിവേദനം നൽകിയതിലൂടെയും പാലക്കാട് റയിൽകോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, Automatic Signalling System, Automatic Block Signal, മെമു ട്രെയിൻ സർവ്വീസുകൾ, റെയിൽവേ ലൈൻ വൈദ്യുതീകരണം, പാത ഇരട്ടിക്കൽ, മീറ്റർ ഗേജ് ബ്രോഡ്ഗേജാക്കുന്നത്, ROB കളുടെ നിർമ്മാണം, കോച്ചുകളുടെ എണ്ണത്തിലുള്ള കുറവും ഉള്ളവയുടെ ശോച്യാവസ്ഥയും, പഴയ എറണാകുളം ടെർമിനസ് |

| | | | |
|---|---|---|---|
| | | | സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിക്കുന്നത്, [illegible] നിർമ്മാണവും, കോച്ചിംഗ് ഡിപ്പോകൾ, പിറ്റ്ലൈനുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, മംഗലാപുരം - തിരുവനന്തപുരം ഹൈസ്പീഡ് റയിൽ കോറിഡോർ, ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, അണ്ടർപാസ്സിനായി ചിന്നക്കടയിൽ കൊല്ലം നഗരസഭയ്ക്ക് റയിൽവേയുടെ 18.5 സെന്റ് സ്ഥലം കൈമാററം ചെയ്യുന്നത്, ചെങ്ങന്നൂരിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം ഉൾപ്പെടെ നാല് റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്, ഡെഡിക്കേറ്റഡ് ഹൈസ്പീഡ് കോറിഡോർ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പുതിയ ട്രെയിനുകൾ, പ്രഖ്യാപിക്കപ്പെട്ട തീവണ്ടികളുടെ സർവ്വീസുകൾ ആരംഭിക്കുന്നത്, ട്രെയിനുകൾ ദീർഘിപ്പിക്കുന്നത്, ട്രെയിനുകൾ മാറ്റുന്നത്, ട്രെയിനുകളുടെ frequency വർദ്ധിപ്പിക്കുന്നത്, പാസഞ്ചർ റിസർവേഷൻ സിസ്റ്റം, ട്രെയിനുകളുടെ സ്റ്റോപ്പുകൾ എന്നീ കാര്യങ്ങളാണ് മുഖ്യമായും സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രസർക്കാരിന് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഇതിനകം കേന്ദ്രസർക്കാർ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും, ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ? | (ബി) | പ്രസ്തുത പദ്ധതികളിൽ പാലക്കാട് റെയിൽകോച്ച് ഫാക്ടറി പദ്ധതിയുടെ ശിലാസ്ഥാപനം 21.02.2012 ന് ബഹു. കേന്ദ്ര റെയിൽവേവകുപ്പ് മന്ത്രി നിർവഹിച്ചു. എറണാകുളം ബാംഗ്ലൂർ വീക്കിലി സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് , ദിബ്രൂഗർഗ് എക്സ്പ്രസ്സ് രാജ്യറാണി എക്സ്പ്രസ്സ്, ഭാവ്നഗർ - കൊച്ചുവേളി എക്സ്പ്രസ്സ്, ബിലാസ്പൂർ - എറണാകുളം സൂപ്പർ ഫാസ്റ്റ്, മംഗലാപുരം - പാലക്കാട് ഇന്റർസിറ്റി എക്സ്പ്രസ്സ്, 22851 വിവേക് എക്സ്പ്രസ്സ് എന്നീ ട്രയിനുകൾ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ആസ്ഥാന മാക്കി ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ റെയിൽവെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നീക്കിയിരിപ്പുകൾ 2012-2013 ലെ കേന്ദ്ര റെയിൽവെ ബഡ്ജറ്റിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ